സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 7884/15/Est-I 16/6/2017

## സർക്കുലർ

വിഷയം :- ലാന്റഡ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്ന സംഗതിയും വസ്തുക്കൾ ക്രയവിക്രയം ചെയ്യുന്നതിന് അനുവാദം വാങ്ങുന്ന സംഗതിയും സംബന്ധിച്ച്.

സൂചന :- 1) 25-7-2015 ലെ മേൽ നമ്പർ സർക്കുലർ.
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന്റെ 08-5-2017 ലെ CT 112/17/TDB/Vig നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ലാന്റഡ് പ്രൊപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്ന സംഗതിയും വസ്തുക്കൾ ക്രയവിക്രയം ചെയ്യുന്നതിന് അനുവാദം വാങ്ങുന്ന സംഗതിയും സംബന്ധിച്ച് എല്ലാ ദേവസ്വം ഡിപ്പാർട്ടുമെന്റ് ജീവനക്കാരും വാർഷിക സ്വത്ത് വിവരം നിശ്ചിത ഫാറത്തിൽ രണ്ട് പ്രതി വീതം എല്ലാ വർഷവും നവംബർ 1 ന് മുൻപ് നൽകേണ്ടതാണെന്ന് സർക്കുലർ 25-7-2015 -ൽ മേൽ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു.

എന്നാൽ ടി ഉത്തരവ് ചില ഉദ്യോഗസ്ഥർ പാലിക്കപ്പെടുന്നില്ലെന്നും 2016 വർഷത്തെ ലാന്റഡ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് അടിയന്തിരത്തിൽ സമർപ്പിക്കുന്നതിനും വരും വർഷങ്ങളിലും ആയത് സമർപ്പിക്കുന്നതിനും കർശന നിർദ്ദേശം നൽകണമെന്നും വിവരിച്ചുള്ള സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന്റെ റിപ്പോർട്ട് ലഭിച്ചു.

ആകയാൽ സൂചന (1) ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

16/6/17

സെക്രട്ടറി
അസിസ്റ്റന്റ് സെക്രട്ടറി, ശബരിമല സെൽ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും - ആ ആഫീസിന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ടി സർക്കുലർ രേഖാമൂലം നൽകേണ്ടതാണ്.
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

SK